(ഡി) വ്യവസായ സ്ഥാപനങ്ങൾക്കു കരാർ അനുസരിച്ചുള്ള അസംസ്കൃത സാധനങ്ങൾ നൽകാത്തതുമൂലം ഉൽപ്പാദനം തുടങ്ങിയിട്ടുള്ളതായി അറിവില്ല.

ശ്രീ. ജി. കാർത്തികേയൻ: ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കൊടുക്കുന്ന അസംസ്കൃത സാധനങ്ങളുടെ വില ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ വിലയും പരസ്യമാർക്കറ്റിലെ വിലയും തമ്മിൽ വ്യത്യാസമുണ്ടോ? ഉണ്ടെങ്കിൽ അത് എത്രയാണ്? ഒരു വർഷം ഗവൺമെന്റിനുണ്ടാകുന്ന നഷ്ടം എത്രയാണ്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഈ കമ്പനിക്കാരുമായി കരാർ വച്ചതനുസരിച്ച് അവർക്ക് കൊടുക്കുന്ന വിലയും പരസ്യമാർക്കറ്റിലെ വിലയും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്.

## (ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

### மங்களாதேவி கோவில்

### (Mangaladevi Temple)

*5 [5] ஸ்ரீ. ஜி. வரதன்: கீழ் காணும் வினாக்களுக்கு முதன் மந்திரி தயைகூர்ந்து விடை நல்குவாரா:

(எ) கேரளத்திலுள்ள மங்களாதேவி கோவில் தீ விபத்து உடைந்தது அரசின் கவனத்திற்கு வந்துள்ளதா;

(பி) இது தொடர்பாக தமிழ்க அரசியல் தலைவர் ஒருவர் இக்கோவில் தமிழகத்திற்கு கொடுக்கவேண்டுமென வேண்டுகோள் விடுத்துள்ளாரா?

முഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) ഇല്ല.

### എൻ. ജി. ഒ. അദ്ധ്യാപക പണിമുടക്ക്

*6 [6] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ:
,, ആർ. എസ്. ഉണ്ണി:
,, വി. കെ. രാജൻ:
,, ലോനപ്പൻ നമ്പാടൻ:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ജീവനക്കാരും അദ്ധ്യാപകരും ആഗസ്റ്റ് 7 മുതൽ തുടങ്ങിയ പണിമുടക്കിനെ തുടർന്ന് (പോലീസ് വിഭാഗത്തെ ഒഴിവാക്കി) എത്ര ശതമാനം ജീവനക്കാർ ജോലിക്ക് ഹാജരായി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ എത്ര; എൻ. ജി. ഒ. കൾ എത്ര; അദ്ധ്യാപകർ എത്ര;

(സി) അംഗീകൃത ലീവിൽ പ്രവേശിച്ചവർ എത്ര പേർ;

(ഡി) ആഗസ്റ്റ് 7 മുതൽ 17 വരെ നീണ്ടുനിന്ന എൻ. ജി. ഒ. അദ്ധ്യാപകപണിമുടക്കിൽ സംസ്ഥാന സെക്രട്ടറിയേറ്റിൽ 17-ാം തീയതി പണിമുടക്കിയവരുടെ എണ്ണമെത്ര;

(ഇ) ആഗസ്റ്റ് 17-ന് ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ, സെക്രട്ടറിയേറ്റിൽ പണിമുടക്കിയവർ എത്ര;

(എഫ്) സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും 1985 ആഗസ്റ്റ് 7 മുതൽ ആരംഭിച്ച അനിശ്ചിതകാല പണിമുടക്കിന് കാരണമായ ആവശ്യങ്ങളും എന്തൊക്കെയാണ്;

(ജി) ഇതിൽ ഏതെല്ലാം ഗവൺമെന്റ് അംഗീകരിച്ചുനടപ്പാക്കി;

(എച്ച്) ഈ പണിമുടക്ക് ഒഴിവാക്കാൻ സർക്കാർ എന്തെല്ലാം നടപടികളും സ്വീകരിച്ചിരുന്നു;

(ഐ) അവസാനിപ്പിക്കുവാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചു;

(ജെ) പണിമുടക്കിയതിന്റെ പേരിൽ എത്ര ജീവനക്കാരെ പിരിച്ചുവിട്ടു; എത്ര പേരുടെ മേൽ സസ്പെൻഷൻ നടപടി സ്വീകരിച്ചു;

(കെ) ഏത് നിയമമനുസരിച്ചാണ് പിരിച്ചുവിട്ടത്;

(എൽ) പണിമുടക്കിനോടനുബന്ധിച്ച് ഏതെല്ലാം വകുപ്പുകളെ അവശ്യ സർവ്വീസായി പ്രഖ്യാപിച്ചു;

(എം) അവശ്യസർവ്വീസ് സംരക്ഷണ നിയമമനുസരിച്ച് എത്ര ജീവനക്കാരുടെ മേൽ നടപടി സ്വീകരിച്ചു; എത്ര പേരെ അറസ്റ്റ് ചെയ്തു;

(എൻ) സമരം പിൻവലിച്ചതിനെ തുടർന്ന് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സംഘടനാനേതാക്കൻമാരുമായി ചർച്ചകളും നടക്കുകയുണ്ടായോ;

(ഒ) ജീവനക്കാർക്കെതിരായി ചാർജ്ജ് ചെയ്തിട്ടുള്ള കേസുകളും മറ്റു ശിക്ഷണനടപടികളും പിൻവലിക്കാമെന്ന് സംഘടനാ നേതാക്കൾക്ക് ഉറപ്പുനൽകിയിട്ടുണ്ടോ;

(പി) പിരിച്ചുവിടുകയും സസ്പെൻഡ് ചെയ്യുകയും ചെയ്യപ്പെട്ട ജീവനക്കാരെ തിരിച്ച് സർവ്വീസിലെടുക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ക്യു) ഇല്ലെങ്കിൽ ഇവരെ സർവ്വീസിൽ തിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി, സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1769.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 352.

(എഫ്) സർവ്വീസ് സംഘടനകളും ചൂണ്ടിക്കാണിച്ചിരുന്ന അപാകതകളും പരിഹരിച്ച് നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകൾ 1983 ജൂലൈ മുതൽ മുൻകാലപ്രാബല്യം നൽകിക്കൊണ്ടുള്ള ഉത്തരവ് ഉടനെതന്നെ പുറപ്പെടുവിക്കണമെന്നുള്ളതായിരുന്നു പ്രധാനപ്പെട്ട ആവശ്യം.

(ജി) പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ളവ ഒഴിച്ച് ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുവാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്.

(എച്ച്, ഐ) ശമ്പളകമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി. പിന്നീട് ഗവൺമെന്റിന്റെ തീരുമാനം 1985 ആഗസ്റ്റ് 17-ാം തീയതിതന്നെ പ്രഖ്യാപിക്കുമെന്നും അതുകൊണ്ട് ജീവനക്കാർ സമരത്തിൽനിന്നും പിൻതിരിയണമെന്നും അഭ്യർത്ഥിക്കുകയുണ്ടായി.

(ജെ) സ്ഥിരക്കാരെ ആരെയും പിരിച്ചുവിട്ടിട്ടില്ല. ആ കാലഘട്ടത്തിൽ സെക്രട്ടറിയേറ്റിലെ ഒരു അഡീഷണൽ സെക്രട്ടറിയെ നിർബന്ധിത പെൻഷൻ നൽകി പിരിച്ചുവിട്ടിട്ടുണ്ട്. സമരകാലത്ത് അനധികൃതമായി ജോലിക്ക് ഹാജരാകാത്ത താൽക്കാലിക ജീവനക്കാരെ പിരിച്ചുവിടണമെന്ന് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ; എന്നുള്ള വിവരം രേഖരിച്ചുവരുന്നു. എത്ര പേരുടെമേൽ സസ്പെൻഷൻ നടപടി സ്വീകരിച്ചു എന്നുള്ള വിവരവും രേഖരിച്ചുവരുന്നു.

(കെ) സെക്രട്ടേറിയറ്റിലെ അഡീഷണൽ സെക്രട്ടറിയെ കേരളാ സർവ്വീസ് ചട്ടങ്ങളിലെ 60 A റൂൾ പ്രകാരം നിർബന്ധിതപെൻഷൻ നൽകിയാണ് പിരിച്ചുവിട്ടത്.

(എൽ) 1. ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ട സർവ്വീസുകൾ.

2. ആരോഗ്യവകുപ്പ്.

3. പബ്ലിക് ഹെൽത്ത് ലബോറട്ടറി.

4. മെഡിക്കൽകോളേജ് ആശുപത്രികൾ ഉൾപ്പെടെയുള്ള ആശുപത്രികൾ.

5. സിവിൽസപ്ലൈസ് കോർപ്പറേഷനിൽ ഡപ്യൂട്ടേഷനിൽ പോയിട്ടുള്ളവർ ഉൾപ്പെടെയുള്ള സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ സേവനം.

6. ഫോറസ്റ്റ് വാച്ചർമാർ, ഫോറസ്റ്റ് ഗാർഡുകൾ, ഫോറസ്റ്റർമാർ, ഡെപ്യൂട്ടി റെയിഞ്ചേഴ്സ്, റെയിഞ്ചേഴ്സ് എന്നീ വനം വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ സേവനം.

7. ജില്ലാട്രഷറി ഓഫീസർമാർ, സബ്ട്രഷറി ഓഫീസർമാർ, സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർ എന്നീ ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻമാർ.

8. ജില്ലാ ട്രഷറികളുടേയും സബ്ട്രഷറികളുടേയും സ്റ്റാമ്പ് ഡിപ്പോകളുടേയും ട്രഷറർമാർ.

LIBRARY ARCHIVES Kerala Legislative Assembly

9. ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ ചീഫ് സെക്യൂരിറ്റി ആഫീസറുടെ കീഴിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ ഉദ്യോഗസ്ഥൻമാരും.

(എം) വിവരം ശേഖരിച്ചുവരുന്നു.

(എൻ) ഔപചാരികമായ ചർച്ചകളൊന്നും നടക്കുകയുണ്ടായില്ല.

(ഒ) ഉറപ്പുകളൊന്നും നൽകിയിട്ടില്ല. എന്നാൽ ജോലിക്കുഹാജരായ ജീവനക്കാരെ ഭീഷണിപ്പെടുത്തുകയോ ദേഹോപദ്രവമേൽപ്പിക്കുകയോ മറ്റ് അക്രമപ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്തതിന് ജീവനക്കാരുടെ പേരിൽ കേരള എസൻഷ്യൽ സർവ്വീസസ് മെയിൻറനൻസ് ഓർഡിനൻസ് അനുസരിച്ചോ മറ്റു നിയമങ്ങളും അനുസരിച്ചോ എടുത്തിട്ടുള്ള കേസ്സുകളും ഒഴികെ മറ്റു കേസ്സുകളും തുടരേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(പി) ഇല്ല.

(ക്യു) ഇപ്പോൾ ഉദ്ദേശമില്ല.

## ആദിവാസികളുടെ പട്ടിണിയും തൊഴിലില്ലായ്മയും

*7 [7] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ ആദിവാസികളും പട്ടിണിയും തൊഴിലില്ലായ്മയും കാരണം സ്വന്തം കുടിലുകളും ഉപേക്ഷിച്ച് വിദൂര സ്ഥലങ്ങളിലേക്കു പോയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ, ബി) വയനാട്ടിൽ ചില ആദിവാസികളും തൊഴിലന്വേഷിച്ച് താൽക്കാലികമായി വനത്തിലേക്കും മറ്റ് സ്ഥലങ്ങളിലേക്കും പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവർ വീണ്ടും തങ്ങളുടെ സ്ഥിരം താമസ സ്ഥലങ്ങളിലേക്ക് മടങ്ങാറുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ നൽകുന്നതിന് ഗവൺമെൻറ് പല പദ്ധതികളും നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്നു.

## ഡൈസ്നോൺ

*8 [8] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ:
,, പി. സീതിഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായനാർ ഗവൺമെൻറ് ഡൈസ്നോൺ നിറുത്തലാക്കുന്ന കാര്യത്തിൽ വല്ല ഉത്തരവും പുറപ്പെടുവിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഡൈസ്നോൺ നിറുത്തലാക്കുന്ന കാര്യത്തിൽ ഈ ഗവൺമെൻറിന്റെ നിലപാടെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly